# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03-08-2026**

### പ്രധാനവാർത്തകൾ

1. നീറ്റ് വിഷയത്തിലെ - പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം വർധിപ്പിക്കുന്നത് സംബന്ധിച്ച ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി.

2. മഴക്കെടുതി നേരിടുന്ന സംസ്ഥാനത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി മുഖ്യമന്ത്രി വി ഡി സതീശൻ. മരിച്ചവരുടെ കുടുംബങ്ങൾക്ക് 8 ലക്ഷം രൂപ ധനസഹായം നൽകും.

3. സംസ്ഥാനത്ത് കനത്ത മഴ തുടരും. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള 12 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

4. മലപ്പുറം പാണക്കാട് മണ്ണിടിച്ചിലുണ്ടായ പ്രദേശത്ത് സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി മന്ത്രി പി കെ ബഷീർ. സംഭവത്തിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടു.

5. നീറ്റ് ചോദ്യപേപ്പർ ചോർച്ചയിലെ പ്രതിഷേധങ്ങളിൽ പങ്കെടുത്തവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്ന് സുപ്രീം കോടതി.

RNU TVPM

6. മാതൃ ശിശു മരണനിരക്ക് കുറയ്ക്കുന്നതിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി കെ മുരളീധരൻ.

*************************

## പാർലമെൻറ്

നീറ്റ് വിഷയത്തിൽ പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. നടപടികൾ തുടർച്ചയായി തടസ്സപ്പെട്ടതിനെ തുടർന്ന് ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ഇതിനിടെ, സുപ്രീം കോടതി ജഡ്ജിമാരുടെ എണ്ണം വർധിപ്പിക്കുന്നത് സംബന്ധിച്ച ഭേദഗതി ബിൽ ലോക്സഭ പാസ്സാക്കി. കെട്ടിക്കിടക്കുന്ന കേസുകൾ കുറയ്ക്കുന്നതിനും നീതിന്യായ വ്യവസ്ഥ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബിൽ വ്യവസ്ഥ ചെയ്യുന്നു. ചീഫ് ജസ്റ്റിസ് ഒഴികെയുള്ള ജഡ്ജിമാരുടെ എണ്ണം നിലവിലുള്ള 33-ൽ നിന്ന് 37 ആയി ഉയർത്താനാണ് ബിൽ ലക്ഷ്യമിടുന്നത്. അതേസമയം രാജ്യസഭയിൽ, 'സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വികസന (ഭേദഗതി) ബിൽ ഇന്ന് പാസാക്കി. എന്നാൽ, പ്രധാനപ്പെട്ട ബില്ലുകൾ സംബന്ധിച്ച ചർച്ചകളിൽ പ്രതിപക്ഷം പങ്കെടുക്കുന്നില്ലെന്ന് കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു ആരോപിച്ചു.

PNU TVPM

*************************

## മഴ - മുഖ്യമന്ത്രി ( ഇൻട്രോ

മഴക്കെടുതി നേരിടുന്ന സംസ്ഥാനത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി മുഖ്യമന്ത്രി വി ഡി സതീശൻ. അണക്കെട്ടുകൾ തുറന്നു വിടുന്നത് സംബന്ധിച്ച വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മഴക്കെടുതിയും ദുരന്ത നിവാരണ പ്രവർത്തനങ്ങളും വിലയിരുത്തിയ ശേഷം

വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. **വിശദാംശങ്ങളിലേക്ക്...**

( വോയിസ്...)

## മഴ - മുഖ്യമന്ത്രി (വോയ്സ്)

സംസ്ഥാനത്തൊട്ടാകെ 316 ദുരിതാശ്വാസ ക്യാമ്പുകളിലായി 11 ആയിരത്തിലേറെ പേരാണ് കഴിയുന്നത്. മഴക്കെടുതികളിൽ ഇതുവരെ 15 പേർ മരിച്ചതായും ഏഴു പേരെ കാണാതായതായും മുഖ്യമന്ത്രി അറിയിച്ചു. രക്ഷാപ്രവർത്തനങ്ങൾക്കായി കൊല്ലത്തുനിന്ന് 14 ബോട്ടുകൾ ചെങ്ങന്നൂരിലെത്തിച്ചു. കുടുങ്ങിക്കിടക്കുന്നവർക്ക് ഹെലികോപ്റ്റർ വഴി ഭക്ഷണ പാക്കറ്റുകൾ വിതരണം ചെയ്യുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

( മുഖ്യമന്ത്രി- വോയിസ്....)

മരിച്ചവരുടെ സംസ്കാര ചടങ്ങുകൾക്കായി പതിനായിരം രൂപ അടിയന്തരമായി അനുവദിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് ആകെ 8 ലക്ഷം രൂപ ധനസഹായം ലഭിക്കും. ക്യാമ്പുകളിൽ നിന്ന് മടങ്ങുന്നവർക്ക് അടിയന്തര സഹായമായി 10,000 രൂപ നൽകും. ഉപജീവനമാർഗം നഷ്ടപ്പെട്ടവർക്ക് ഒരു റേഷൻ കാർഡിലെ രണ്ടുപേർക്ക് 300 രൂപ വീതം സഹായം നൽകും. പുനരധിവാസത്തിന്റെ ഭാഗമായി സ്ഥലം വാങ്ങി വീട് വയ്ക്കാനുള്ള സഹായം 12 ലക്ഷം രൂപയായും വീട് പൂർണമായും നഷ്ടപ്പെട്ടവർക്കുള്ള സഹായം 6 ലക്ഷം രൂപയായും വർധിപ്പിച്ചു. പ്രാഥമിക കണക്കനുസരിച്ച് 165 ഹെക്ടറിലെ കൃഷി നശിച്ചിട്ടുണ്ട്. കൃഷിനാശത്തിനുള്ള നഷ്ടപരിഹാര തുക സംബന്ധിച്ച തീരുമാനം അടുത്ത മന്ത്രിസഭാ യോഗം പരിഗണിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. **ന്യൂസ്ഡെസ്ക് ആകാശവാണി...**

**************************

RNUTVPM

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് കനത്ത മഴ തുടരും. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള 12 ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരത്തും കൊല്ലത്തും മഞ്ഞ ജാഗ്രതയാണ്. നാളെ 10 ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം സുരക്ഷിത ഇടങ്ങളിലേക്ക് മാറി താമസിക്കേണ്ടതാണ്. മലങ്കര ഡാമിന്റെ വൃഷ്ടിപ്രദേശത്ത് ശക്തമായ നീരൊഴുക്ക് തുടരുന്ന സാഹചര്യത്തിൽ മൂവാറ്റുപുഴ, തൊടുപുഴ ആറുകളുടെ തീരങ്ങളിൽ ഉള്ളവർക്ക് ജാഗ്രത നിർദേശം നൽകി. പത്തനംതിട്ട, മലപ്പുറം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, തളിപ്പറമ്പ്, ഇരിട്ടി താലൂക്കുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. ഇടുക്കിയിൽ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കും. കേരളം, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

PNU TVPM

*************************

## മഴക്കെടുതി - മന്ത്രി എം ലിജു

മഴ തുടരുന്ന സാഹചര്യത്തിൽ മുന്നൊരുക്കങ്ങളുടെ ഭാഗമായി കുട്ടനാട്ടിൽ ക്യാമ്പുകൾ സജ്ജമാക്കിയതായി മന്ത്രി എം. ലിജു. ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനായി കുട്ടനാട്ടിൽ 44 ക്യാമ്പുകളാണ് സജ്ജമാക്കിയിട്ടുള്ളത്. കടൽക്ഷോഭവുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ താലൂക്കിൽ ഒരു ക്യാമ്പും തുറന്നു. ജലനിർഗമനം ഉറപ്പുവരുത്താൻ ഇറിഗേഷൻ വകുപ്പിന് നിർദേശം

നൽകി. എൻ.ഡി.ആർ.എഫിന്റെ മുഴുവൻ സംഘവും ചെങ്ങന്നൂരിലെത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

*************************

## കോട്ടയം മഴ ( ഇൻട്രോ )

കോട്ടയം ജില്ലയിലെ നഗരഭാഗങ്ങളിൽ മഴക്ക് നേരിയ ശമനമുണ്ടെങ്കിലും മലയോരമേഖലകളിൽ മഴ തുടരുകയാണ്. നദികളിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുന്നതിനാൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി രൂക്ഷമായി തുടരുന്നു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ് നായർ....**

**( വോയിസ്...)**

ശക്തമായ മഴയിൽ കോട്ടയം അയർക്കുന്നത്ത് ഒരാൾ ഒഴുക്കിൽപ്പെട്ട് മരിച്ചു. അറുമാനൂർ സ്വദേശി ജിൻ്റോ മാത്യു ആണ് മരിച്ചത്. വീടിനു മുൻപിലെ വെള്ളക്കെട്ടിൽ വീണായിരുന്നു അപകടം.

RNU TVPM

*************************

## പാണക്കാട് മണ്ണിടിച്ചിൽ

മണ്ണിടിച്ചിലുണ്ടായ മലപ്പുറം പാണക്കാട് സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാൻ മന്ത്രി പി കെ ബഷീർ നിർദ്ദേശം നൽകി. വേങ്ങര റോഡിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മണ്ണെടുത്ത സ്ഥലത്താണ് മണ്ണിടിച്ചിലുണ്ടായത്. സംഭവം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടതായി മന്ത്രി പറഞ്ഞു. മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലം ഉദ്യോഗസ്ഥ സംഘം സന്ദർശിച്ചു.

*************************

മഴ-തൃശ്ശൂർ (ഇൻട്രോ)

തൃശ്ശൂർ ജില്ലയിൽ കനത്ത മഴയ്ക്ക് നേരിയ ശമനം. ഉച്ചയോടെ മഴ മാറിനിന്നെങ്കിലും ഡാമുകൾ എല്ലാം ഏറെക്കുറെ നിറഞ്ഞ സ്ഥിതിയിലാണുള്ളത്. കരുവന്നൂർ പുഴയിൽ ജലനിരപ്പ് ഉയർന്നതോടെ, ജാഗ്രത നിർദേശം നൽകി.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്......**

(വോയ്സ്)

*************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

*************************

RNU TVPM

നീറ്റ് പരീക്ഷാ - സുപ്രീം കോടതി

നീറ്റ് പരീക്ഷാ ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് ജന്തർ മന്തറിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്ന വിദ്യാർത്ഥി പ്രതിഷേധങ്ങളിൽ പങ്കെടുത്തവർക്കെതിരെ രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറുകൾ അവസാനിപ്പിക്കാനോ പിൻവലിക്കാനോ ഡൽഹി സർക്കാരിനും വിവിധ സംസ്ഥാന സർക്കാരുകൾക്കും പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്ന് സുപ്രീം കോടതി. ക്രിമിനൽ പശ്ചാത്തലമുള്ള പ്രതിഷേധക്കാരെ വിചാരണ ചെയ്യാൻ അനുമതി നൽകിയ ഉത്തരവ് ,ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവർക്ക് മാത്രം ബാധകമാക്കാനാണ് ഉദ്ദേശിച്ചതെന്ന്

ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ മൂന്നംഗ ബെഞ്ച് വ്യക്തമാക്കി .

************************

## മുലയൂട്ടൽ വാരാചരണം

മാതൃ ശിശു മരണനിരക്ക് കുറയ്ക്കുന്നതിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനുള്ള പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യ മന്ത്രി കെ മുരളീധരൻ. കുഞ്ഞ് ജനിച്ച ആദ്യ മണിക്കൂറിനുള്ളിൽ തന്നെ മുലയൂട്ടൽ ആരംഭിക്കുകയും ആദ്യ ആറുമാസം മുലപ്പാൽ മാത്രം നൽകുകയും വേണം. വീടുകളിലെ പ്രസവം നിരുൽസാഹപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു. ലോക മുലയൂട്ടൽ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

************************

## പത്തനംതിട്ട - മഴ

പത്തനംതിട്ട ജില്ലയിൽ മഴയ്ക്ക് നേരിയ ശമനം. പോലീസ്, ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, കൊല്ലത്തു നിന്നെത്തിയ മത്സ്യതൊഴിലാളി ബോട്ടുകൾ, തുടങ്ങിയവരുടെ നേതൃത്വത്തിൽ റാന്നി, ആറന്മുള, തിരുവല്ല, മല്ലപ്പള്ളി, കോന്നി, തുടങ്ങിയ പ്രദേശങ്ങിൽ കുടുങ്ങിയവരെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുകയാണ്.

************************

## വിനോദസഞ്ചാരം നിയന്ത്രണം

മഴ മുന്നറിയിപ്പ് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താൻ നിർദേശിച്ച് ദുരന്ത നിവാരണ അതോറിറ്റി. മുന്നറിയിപ്പ് പിൻവലിക്കുന്നതുവരെ നിയന്ത്രണങ്ങൾ തുടരേണ്ടതാണ്. അപകടസാധ്യതയുള്ള റോഡുകളിൽ ആവശ്യമായ യാത്രാ നിയന്ത്രണങ്ങൾ നടപ്പാക്കണമെന്നും നിർദേശത്തിൽ പറയുന്നു.

******************************************************************************

*************************

RNU TVPM